"ഭരണഭാഷ മാതൃഭാഷ"

**തിരുവനന്തപുരം ജില്ലാ ദുരന്തനിവാരണ അതോറിറ്റി**
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിക്രമം**
**(ഹാജർ : അനു എസ്.നായർ, ഡെപ്യൂട്ടി കളക്ടർ)**

DDMA/07/2020

**തീയതി : 27/05/2020**

വിഷയം :- തെക്ക് പടിഞ്ഞാറൻ അറബിക്കടലിൽ ന്യൂനമർദ്ദം – മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

പരാമർശം :- KSDMA മെമ്പർ സെക്രട്ടറിയുടെ നിർദ്ദേശം.

*************

തെക്ക് കിഴക്കൻ അറബിക്കടലിൽ 2020 മെയ് 31ഓടു കൂടി ലക്ഷദ്വീപിനും കേരളത്തിനുമിടയിലായി കേരള തീരത്ത് നിന്ന് അധികം അകലെയല്ലാത്ത, ഒരു ന്യൂനമർദം രൂപപ്പെടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുണ്ട്. കൂടാതെ തെക്ക് പടിഞ്ഞാറൻ അറബിക്കടലിൽ മെയ് 29 നോട് കൂടി മറ്റൊരു ന്യൂനമർദം രൂപപ്പെടാനുള്ള സാധ്യതയും കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുണ്ട്. ടി ന്യൂനമർദത്തിൻെറ സ്വാധീനം മൂലം ശക്തമായ കാറ്റ്, മഴ, രൂക്ഷമായ കടലാക്രമണം എന്നിവക്ക് സാധ്യതയുണ്ട്. ആയതിനാൽ തീരദേശവാസികളുടേയും കടലിൽ മൽസ്യബന്ധനത്തിൽ ഏർപ്പെടുന്ന മൽസ്യതൊഴിലാളി കളുടേയും ജീവനും സ്വത്തിനും ഭീഷണി ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി ദുരന്ത നിവാരണം നിയമം 2005 ലെ വകുപ്പ് 26 പ്രകാരം എന്നിൽ നിക്ഷിപ്തമായിരിക്കുന്ന ഇതേ നിയമം 30, 34 എന്നിവയിലെ വ്യസ്ഥകൾ പ്രകാരവും, ജില്ലാ ദുരന്ത നിവാരണ സമിതി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധികാരവും ഉപയോഗിച്ച് ചുവടെ ചേർക്കും പ്രകാരം ഉത്തരവ് നൽകുന്നു.

## ഉത്തരവ്

1) മെയ് 28 മുതൽ തന്നെ കേരള തീരത്ത് പൂർണ്ണമായും മൽസ്യ ബന്ധനത്തിന് നിരോധനം ഏർപ്പെടുത്തണം. ദീർഘദൂര മൽസ്യബന്ധനത്തിന് പോയിട്ടുള്ളവർ മെയ് 28 ന് രാത്രിയോടെ തന്നെ കേരളത്തിൽ മടങ്ങിയെത്താനോ അടുത്തുള്ള സുരക്ഷിതമായ തീരത്തണയാനോ നിർദേശം നൽകണം. മെയ് 28 ന് ശേഷം ഒരാൾ പോലും കേരള തീരത്ത് നിന്ന് മൽസ്യ ബന്ധനത്തിന് പോകുന്നില്ല എന്ന് ഫിഷറീസ് വകുപ്പും തീരദേശ പോലീസും കർശനമായി ഉറപ്പാക്കണം. ടി ഉത്തരവ് നടപ്പിലാകുന്നുണ്ടോ എന്ന് ബന്ധപ്പെട്ട തഹസീൽദാർമാർ പരിശോധന നടത്തേണ്ടതാണ്.

2) ന്യൂനമർദത്തിൻറെ സ്വാധീനം മൂലം ശക്തമായ കാറ്റ്, മഴ, രൂക്ഷമായ കടലാക്രമണം എന്നിവക്ക് സാധ്യതയുണ്ട്. കടലാക്രമണ ഭീഷണി മുന്നിൽ കണ്ടുകൊണ്ട് ഈ മുന്നറിയിപ്പ് സന്ദേശം എത്തിയെന്ന് ഫിഷറീസ് വകുപ്പും തീരദേശ പോലീസും ഉറപ്പാക്കണം.

3) ന്യൂനമർദത്തിൻെറ സ്വാധീനം മൂലം ശക്തമായ കാറ്റ്, മഴ, രൂക്ഷമായ കടലാക്രമണം എന്നിവക്ക് സാധ്യതയുണ്ട്. കടലാക്രമണ ഭീഷണി മുന്നിൽ കണ്ടുകൊണ്ട് തീരദേശ വില്ലേജുകൾ/തദ്ദേശ സ്ഥാപനങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ കണ്ടെത്തി 'ഓറഞ്ച് പുസ്തകം 2020 യിൽ പ്രതിപാദിച്ചിട്ടുള്ളത് പോലെ തയ്യാറാക്കി വെക്കണം. ഇത് സംബന്ധിച്ചുള്ള വിവരം അതാത് പ്രദേശത്തെ പൊതുജനങ്ങളേയും ജനപ്രതിനിധികളേയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ അറിയിക്കണം.

4) മൽസ്യബന്ധന ഉപകരണങ്ങൾ കടലാക്രമണത്തിൽ നശിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കാനുള്ള നിർദേശങ്ങൾ തയ്യാറാക്കി മൽസ്യബന്ധന കേന്ദ്രങ്ങളിലും മൽസ്യബന്ധന ഗ്രാമങ്ങളിലും ഫിഷറീസ് വകുപ്പ് പ്രചരിപ്പിക്കേണ്ടതാണ്. വള്ളങ്ങളും, ബോട്ടുകളും ഏറ്റവും അടുത്തുള്ള ഹർബറിൽ സൂക്ഷിക്കുവാൻ നിർദേശിക്കുന്നത് ഉചിതമായിരിക്കും.

5) ബണ്ട് സംരക്ഷണം, കടൽ തീരത്തെ വീട് സംരക്ഷണം എന്നിവ ആവശ്യമായി വരികയാണെങ്കിൽ തദ്ദേശ സ്ഥാപനത്തിനും ജലസേചന വകുപ്പിനും, കൃഷി വകുപ്പിനും സ്വന്തമായി ഈ പ്രവർത്തിക്ക് പണം ലഭ്യമല്ല എങ്കിൽ മണൽ നിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ ഇടുന്ന പ്രവർത്തികൾക്ക് ഒരു പഞ്ചായത്തിൽ പരമാവധി 2 ലക്ഷം രൂപ മുനിസിപ്പാലിറ്റിയിൽ 3 ലക്ഷം രൂപ, കോർപ്പറേഷനിൽ പരമാവധി 5 ലക്ഷം രൂപ വരെ 2245-02-101-94-Flood-Other items ൽ നിന്നും വഹിക്കാവുന്നതാണ്. ഈ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തഹസിൽദാർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥിരമായി കടലാക്രമണ/ തീരശോഷണ ഭീഷണിയുള്ള പ്രദേശങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകി അടിയന്തര പ്രാധാന്യത്തോടെ പ്രസ്തുത പ്രവൃത്തി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടതാണ്.

6) കേരളത്തിൽ പൊതുവിൽ ശക്തമായ കാറ്റ് മൂലം മരങ്ങൾ കടപൊഴുകി വീഴാനും ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകൾ ഒടിഞ്ഞു വീഴാനും അത് മൂലമുള്ള അപകടങ്ങൾക്കും സാധ്യതയുണ്ട്. ഓറഞ്ച് ബുക്ക് 2020 ൽ പ്രതിപാദിച്ചിരിക്കുന്ന 'വൾനറബിൾ' ഗണത്തിൽ പെടുന്നവർക്കായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ ക്യാമ്പുകൾ ആരംഭിക്കേണ്ടതാണ്.

7) ശക്തമായ മഴ മൂലം താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിനും മലയോര മേഖലയിൽ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതയുണ്ട്. ആയതിനാൽ വെള്ളപ്പൊക്ക, ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ ക്യാമ്പുകൾ കണ്ടെത്തി സജ്ജമാക്കി വെക്കേണ്ടതാണ്. പ്രസ്തുത വിവരം പൊതുജനങ്ങളെയും ജനപ്രതിനിധികളെയും അറിയിക്കുകയും മുന്നറിയിപ്പുള്ള ദിവസങ്ങളിൽ മഴ ശക്തിയാർജ്ജിക്കുന്ന ഉടനെ അവരെ മാറ്റി താമസിപ്പിക്കുന്ന നടപടി ബന്ധപ്പെട്ട തഹസീൽദാർമാർ ചെയ്യേണ്ടതാണ്.

8) മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ അണക്കെട്ടുകളിലെ വെള്ളം ഒഴുക്കി വിടാനുള്ള സാധ്യതയുണ്ട് എങ്കിൽ ഓറഞ്ച് ബുക്ക് 2020 ൽ പ്രതിബാധിക്കുന്ന അണക്കെട്ടുകളിലെ വെള്ളം ഒഴുക്കി വിടാനുള്ള നടപടികൾ പൂർണ്ണമായും ഇറിഗേഷൻ വകുപ്പ് നടപ്പിൽ വരുത്തണം.

9) താലൂക്ക് കൺട്രോൾ റൂമുകൾ, ഫിഷറീസ്, KSEB, പോലീസ് വകുപ്പുകളുടെ കൺട്രോൾ റൂമുകളും 24*7 മണിക്കൂറും ഏകോപനത്തോടെ പ്രവർത്തിക്കേണ്ടതാണ്.

10) മൺസൂൺകാലവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ താലൂക്ക് തല പ്രവർത്തനങ്ങളുടെ ഏകോപനം ബന്ധപ്പെട്ട തഹസീൽദാർമാർ നിർവ്വഹിക്കേണ്ടതും ജില്ലാ തലത്തിൽ അടിയന്തിര സാഹചര്യം എന്തെങ്കിലും ഉണ്ടായാൽ ആയത് ഈ കാര്യാലയത്തിൽ അപ്പോൾതന്നെ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

11) കോവിഡ് 19 പശ്ചാത്തലത്തിൽ ക്യാമ്പുകൾ സജ്ജീകരിക്കേണ്ട രീതി, വിവിധ പ്രോട്ടോക്കോളുകൾ എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ 'ഓറഞ്ച് ബുക്ക് 2020' ൽ വിശദീകരിക്കുന്നുണ്ട്. 'ഓറഞ്ച് ബുക്ക് 2020' മാർഗ നിർദേശങ്ങൾക്ക് അനുസരിച്ച് ഓരോ വകുപ്പും പ്രതികരണ-പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യണം. ഓറഞ്ച് ബുക്ക് 2020 https://sdma.kerala.gov.in/wp- എന്ന ലിങ്കിൽ ലഭ്യമാണ്.

മേൽ പരാമർശിച്ച ഉത്തരവ് നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരെങ്കിലും വീഴ്ചവരുത്തുന്ന പക്ഷം ടി ഉദ്യോഗസ്ഥർക്കെതിരെ ദുരന്ത നിവാരണ നിയമം 2005 ലെ വകുപ്പ് 56 പ്രകാരം, നടപടി സ്വീകരിക്കുന്നതാണ്.

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ & ഡെപ്യൂട്ടി കളക്ടർ**
**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി തിരുവനന്തപുരം**

**സ്വീകർത്താവ്.**

1) ജില്ലാ പോലീസ് മേധാവി (സിറ്റി/ റൂറൽ)
2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, തിരുവനന്തപുരം.
3) എല്ലാ തഹസീൽദാർമാർക്കും/ ഇൻസിഡൻറ് കമാൻഡർമാർ
4) DDP തിരുവനന്തപുരം.
4) എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (DDP മുഖേന)
5) എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും.
7) എല്ലാ തീരദേശ പോലീസ് എസ്. എച്ച്. ഓ മാർക്കും (ജില്ലാ പോലീസ് മേധാവി മുഖേന)
6) എല്ലാ വില്ലേജ് ഓഫീസർമാർക്കും (തഹസീൽദാർമാർ മുഖേന)
7) ഡെപ്യൂട്ടി എൻജിനീയർ, KSEB, തിരുവനന്തപുരം.
8) ജില്ലാ ഇൻഫർമേഷൻ ഓഫീസർ (പ്രസിദ്ധീകരണത്തിനായി.)
9) ജില്ലാ ഇൻഫോമാറ്റിക് ഓഫീസർ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)